LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വക്കം പുരുഷോത്തമൻ: അതൊക്കെയുണ്ട്. ഞാൻ ആദ്യം സൂചിപ്പിച്ചതു പോലെ, ഞാൻ ഒന്നും ഡിനൈ ചെയ്യുന്നില്ല. അങ്ങനെ എന്തെങ്കിലും ആവശ്യങ്ങളു ണ്ടെങ്കിൽ അതൊക്കെ പരിശോധിക്കാവുന്നതാണ്.

ശ്രീ. പി. നാരായണൻ: സർ, ഈ നിയമം നടപ്പിലാക്കുന്നതിന് റിട്ടയേർഡ് ഉദ്യോഗസ്ഥരെയാണ് അങ്ങ് നിയമിച്ചിരിക്കുന്നത്. ഇവർ സുതാര്യമല്ലാത്ത ഭരണ സമ്പ്രദായത്തിൽ പ്രവർത്തിച്ചവരാണ്. അതിനേക്കാൾ ഭേദം ഈ നിയമം ഫലപ്രദമായി നടപ്പിലാക്കുന്നതിന് അനുദ്യോഗസ്ഥരെ നിയമിക്കുന്നതല്ലേ?

ശ്രീ. വക്കം പുരുഷോത്തമൻ: അനുദ്യോഗസ്ഥരെ നിയമിച്ചിരുന്നുവെങ്കിൽ ഇതിനേക്കാൾ ആരോപണം ഉണ്ടായേനെ. ഉന്നതമായ സ്ഥാനത്തിരുന്ന രണ്ടുപേരെ നിയമിച്ചതുകൊണ്ടാണ് ഇത്രയും ആരോപണം കുറഞ്ഞത്. അനുദ്യോഗ സ്ഥരായിരുന്നുവെങ്കിൽ എന്തെല്ലാം ആരോപണങ്ങൾ ഉണ്ടായേനെ?

മി. സ്പീക്കർ: ചോദ്യം നമ്പർ [*113]

സംസ്ഥാനത്തെ പൊതുമേഖല, അർദ്ധ സർക്കാർ, സ്വയംഭരണ സ്ഥാപനങ്ങളിലെ നിയമനാധികാരം

2 [*113] ശ്രീ. സി. മമ്മൂട്ടി:

„ സി. ടി. അഹമ്മദ് അലി:

„ പി. കെ. കെ. ബാവ:

„ കളത്തിൽ അബ്ദുള്ള:

„ സി. മോയിൻകുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പൊതുമേഖല, അർദ്ധ സർക്കാർ, സ്വയംഭരണ സ്ഥാപന ങ്ങളിലെ നിയമനാധികാരം പി. എസ്. സി.-ക്ക് വിടുന്നുണ്ടോ എന്ന് അറിയിക്കുമോ;

(ബി) ഇതിനായി പ്രസ്തുത സ്ഥാപനങ്ങളിലെ ആർട്ടിക്കിൾ ഓഫ് അസോസിയേഷൻ/ബൈലൊ ഭേദഗതി ചെയ്യുന്നതിന് സമയബന്ധിതമായി നടപടി സ്വീകരിക്കുമോ?

മുഖ്യമന്ത്രിക്കുവേണ്ടി ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. വക്കം പുരുഷോത്തമൻ): സർ,

(എ) സംസ്ഥാന പൊതുമേഖലാ അർദ്ധ സർക്കാർ സ്വയംഭരണ സ്ഥാപനങ്ങളിലെ നിയമനാധികാരം പി.എസ്.സി.-ക്ക് വിടാൻ നയപരമായ തീരുമാനം എടുത്തിട്ടുണ്ട്.

(ബി) ഇതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത സ്ഥാപനങ്ങളിലെ നിയമനം പി.എസ്.സി.-യുടെ പരിധിയിൽ കൊണ്ടുവരുന്നതിനും അവയുടെ ആർട്ടിക്കിൾസ് ഓഫ് അസോസിയേഷൻ, ബൈലൊ ഭേദഗതി ചെയ്യുന്നതിനുമുള്ള തുടർ നടപടികൾ അതാതു ഭരണ വകുപ്പുകൾ സ്വീകരിക്കുന്നതുമാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി. മമ്മൂട്ടി: സർ, സാമൂഹ്യമായി പിന്നോക്കംനില്ക്കുന്ന വിഭാഗത്തിന് അവരുടെ അർഹമായ പ്രാതിനിധ്യം ഉറപ്പുവരുത്തുന്നതിന് ധീരമായ നടപടിയാണ് ഗവൺമെന്റ് എടുത്തത്. നയപരമായ തീരുമാനം ഇത് സംബന്ധിച്ച് എടുത്തിട്ടുണ്ടെന്ന് അങ്ങ് മറുപടിയിൽ പറഞ്ഞു. ഈ തീരുമാനങ്ങൾ പ്രായോഗികമായി നടപ്പിലാക്കുന്നതിനുവേണ്ടി ആ ഉത്തരവിൽ പറഞ്ഞ കുറേ ഏറെ കാര്യങ്ങളിൽ തുടർ നടപടി എടുക്കേണ്ടതായിട്ടുണ്ട്. അതിനുവേണ്ടി മുഖ്യമന്ത്രി ചെയർമാൻ ആയി ഒരു മോണിറ്ററിംഗ് സമിതി ഉണ്ടാക്കിയിട്ടുണ്ട്. അതിന് ഒരു സമയപരിധി നിശ്ചയിച്ചുകൊണ്ട് ഇനി ചെയ്യേണ്ട കാര്യങ്ങൾ ചെയ്യുന്നതിനുവേണ്ടി പ്രത്യേകമായി ഒരു നോഡൽ ഓഫീസറെ നിയോഗിച്ച് പ്രായോഗികമായി നടപ്പാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

ശ്രീ. വക്കം പുരുഷോത്തമൻ: ഇപ്പോൾത്തന്നെ നടപ്പിലാക്കുന്നതിനു വേണ്ടിയുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്. ജി.ഒ. ഇറങ്ങിയിട്ട് ഏതാനും ദിവസങ്ങൾ മാത്രമേ ആയിട്ടുള്ളൂ. ജി.ഒ. ഇറങ്ങിയത് രണ്ടാം മാസത്തിൽത്തന്നെയാണ്. അതുകൊണ്ട് തീർച്ചയായും ഗവൺമെന്റ് ഇത് വളരെ ഗൗരവമായിട്ടെടുക്കും. ഇത് പി.എസ്.സി.-യുമായി ചർച്ച ചെയ്യേണ്ടതായിട്ടുണ്ട്. അതിനുള്ള നടപടികളെല്ലാം അടിയന്തിരമായി ഗവൺമെന്റ് സ്വീകരിക്കും.

ശ്രീ. സി. മമ്മൂട്ടി: സ്വയംഭരണ സ്ഥാപനങ്ങളിലും പൊതുമേഖലാ സ്ഥാപനങ്ങളിലുമൊക്കെ ദിവസക്കൂലി അടിസ്ഥാനത്തിൽ, കരാർ അടിസ്ഥാനത്തിലുള്ള നിയമനങ്ങളിൽ സംവരണതത്വം പാലിക്കുന്നതിന് വ്യവസ്ഥ ചെയ്യാൻ പൊതുവായ ഒരു സർക്കാർ ഉത്തരവ് മതിയാകുമോ? ഇല്ലെങ്കിൽ അത് ഓരോ സ്വയംഭരണ സ്ഥാപനത്തിലും പൊതുമേഖലാ സ്ഥാപനത്തിലും ആർട്ടിക്കിൾസ് ഓഫ് അസോസിയേഷനിൽ ആവശ്യമായ ഭേദഗതി വരുത്തുന്നതിന് സമയപരിധി നിശ്ചയിച്ചുകൊണ്ട് ഒരു പ്രത്യേക ഉത്തരവിറക്കാൻ നടപടി സ്വീകരിക്കുമോ? ഇപ്പോൾ തീരുമാനമെടുത്ത് നേരത്തേതന്നെ പി.എസ്.സി.-ക്കു വിട്ടുകൊടുത്ത പല പൊതുമേഖലാ സ്ഥാപനങ്ങളിലെയും നിയമനങ്ങൾ ഇപ്പോഴുമിങ്ങനെ നീണ്ടു പോകുകയാണ്. പല പ്രശ്നങ്ങളും പ്രായോഗിക ബുദ്ധിമുട്ടുകളും ഉണ്ടായതുകൊണ്ട് അത് നടപ്പിലാക്കുവാൻ കഴിഞ്ഞില്ല. ഈ ഒരു സാഹചര്യത്തിൽ ഒരു സമയപരിധി നിശ്ചയിച്ച് ഇന്ന തീയതിക്കു മുമ്പായി ആ ബൈലാ ഭേദഗതി വരുത്തുന്നതിന് ആവശ്യമായ നിർദ്ദേശം നല്കുമോ?

ശ്രീ. വക്കം പുരുഷോത്തമൻ: ഇതിലേക്കായി പി.എസ്.സി.-യുമായി കൂടിയാലോചിച്ച് റിക്രൂട്ട്മെന്റ് റൂൾസ് തയ്യാറാക്കേണ്ടതായിട്ടുണ്ട്. അതിന് ഇപ്പോൾത്തന്നെ നമ്മൾ ഡയറക്ഷൻ കൊടുത്തിട്ടുണ്ട്. ചീഫ് സെക്രട്ടറി തലത്തിൽ എല്ലാ വകുപ്പു മേധാവികൾക്കും നല്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നുണ്ട്. We have already started to implement the project.

ശ്രീ. കെ. എൻ. എ. ഖാദർ: സർ, സഹകരണ സ്ഥാപനങ്ങളിലെ നിയമനങ്ങൾ ചിലതൊക്കെ പി.എസ്.സി.-ക്ക് ഇതിനകം വിട്ടിട്ടുണ്ട്. പി.എസ്.സി.-ക്ക് വിടാത്തതും വിട്ടതുമായിട്ടുള്ള സഹകരണ സ്ഥാപനങ്ങളിലെ നിയമനങ്ങളിലും സംവരണതത്വം പാലിക്കുവാനും വിടാത്തത് പി.എസ്.സി.-ക്കു വിടാനും നടപടികൾ സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വക്കം പുരുഷോത്തമൻ: അതെല്ലാം ഇതിന്റെ പരിധിയിൽ വരും. അതെല്ലാം ചെയ്യുകയും ചെയ്യും.

ശ്രീ. കെ. എൻ. എ. ഖാദർ: സർ, പബ്ളിക് സർവ്വീസ് കമ്മീഷന് നിയമനം വിട്ടുകൊടുത്താലും അത് നടപ്പിലാക്കി കിട്ടുവാൻ ചിലപ്പോൾ കാലതാമസം വരുന്നുണ്ട്. നേരത്തേ പി.എസ്.സി.-ക്കു വിട്ട പലതിനും പി.എസ്.സി. റിക്രൂട്ട്മെന്റ് ആരംഭിക്കുവാൻ കാലതാമസം വരുന്നുണ്ട്. സ്പെഷ്യൽ റൂൾസ് ഫ്രെയിം ചെയ്യാൻ വേണ്ടിയുള്ള കാലതാമസമാണെന്നാണ് അതിന് കാരണമായി പറയുന്നത്. അങ്ങനെയുള്ള സ്പെഷ്യൽ റൂൾസ് വേഗത്തിൽ ഫ്രെയിം ചെയ്യുന്നതിനും അവിടെയുള്ള സർക്കാർ, അർദ്ധ സർക്കാർ സ്ഥാപനങ്ങളിലും ബഡ്ജറ്ററി സപ്പോർട്ടുകൊണ്ട് പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളിലും താല്ക്കാലിക നിയമനങ്ങളിലും സംവരണം പാലിക്കാനും, അതുപോലെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ ഇന്ന് പലപ്പോഴും കെയർ ഓഫ് രജിസ്ട്രേഷനുണ്ട്, അതാതു ജില്ലകളിൽ മാത്രമുള്ള രജിസ്ട്രേഷൻ ആയിട്ട് ചുരുക്കാനും അവിടെയൊക്കെ സംവരണം പാലിക്കാനുമുള്ള നടപടികൾ സ്വീകരിക്കുമോ?

ശ്രീ. വക്കം പുരുഷോത്തമൻ: എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ നിന്നും എടുക്കുന്നത് എന്നു പറഞ്ഞാൽ താല്ക്കാലികമല്ലേ? ഇതെല്ലാം പി.എസ്.സി. മുഖാന്തിരം ചെയ്യണമെന്നു വരുമ്പോൾ സംവരണതത്വം പാലിച്ചു മാത്രമേ നിയമനം നടത്താൻ കഴിയുകയുള്ളൂ. അതുകൊണ്ട് ഇതിന് യാതൊരു സംശയത്തിനും ആശങ്കയ്ക്കും വകയില്ല.

ശ്രീ. കളത്തിൽ അബ്ദുള്ള: സർ, നരേന്ദ്രൻ കമ്മീഷന്റെ ശുപാർശപ്രകാരം നമ്മുടെ നിയമനാധികാരങ്ങൾ പി.എസ്.സി.-ക്കു വിടാനുള്ള സംസ്ഥാന സർക്കാരിന്റെ തീരുമാനം സ്വാഗതാർഹമാണ്. എന്റെ ചോദ്യം, ഈ പിന്നോക്ക സമുദായത്തിന്റെ ടേൺ, ആ വിഭാഗങ്ങളിൽപ്പെട്ടവരുടെ അഭാവത്തിൽ തൊട്ടടുത്ത സമുദായത്തിനോ അല്ലെങ്കിൽ മെറിറ്റ് കാറ്റഗറിയിലേക്കോ മാറ്റുന്നത് തുടരാതിരിക്കുവാനും അവരുടെ അഭാവത്തിൽ വേക്കന്റായി ഒഴിച്ചിടാനുമായി കെ.എസ്.എസ്.ആർ.-ൽ 15 (എ) ഭേദഗതി ചെയ്യുന്നതിനുള്ള നടപടിക്രമങ്ങൾ എന്തൊക്കെയാണെന്ന് വിശദീകരിക്കുമോ?

ശ്രീ. വക്കം പുരുഷോത്തമൻ: അതെല്ലാം ഇപ്പോൾ ഇഷ്യൂ ചെയ്ത ജി.ഒ.-യിൽ ഉണ്ട്. അത് ഒഴിച്ചിടുന്നതിനെ സംബന്ധിച്ച് ഇനി റൂൾസ് നോക്കണം. അതിനുള്ള അടിയന്തിരമായ നടപടികൾ ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഉണ്ടാകും.

ശ്രീ. കളത്തിൽ അബ്ദുള്ള: സംസ്ഥാനത്തെ ഏതൊക്കെ പൊതുമേഖലാ സ്ഥാപനങ്ങളിലേയും അർദ്ധ സർക്കാർ സ്ഥാപനങ്ങളിലേയും സ്വയംഭരണ സ്ഥാപനങ്ങളിലേയും നിയമനാധികാരമാണ് കേരള പബ്ളിക് സർവ്വീസ് കമ്മീഷന് വിടാൻ തീരുമാനിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ?

ശ്രീ. വക്കം പുരുഷോത്തമൻ: എല്ലാം.

ശ്രീ. സി. മോയിൻകുട്ടി: സർ, പൊതുമേഖലാ സ്ഥാപനങ്ങളിലെ പല തസ്തികയിലേക്കുമുള്ള റിക്രൂട്ട്മെന്റ് പി.എസ്.സി.-ക്ക് വിട്ടുകൊടുക്കുവാൻ തീരുമാനമെടുത്തു. സ്പെഷ്യൽ റൂൾസ് ഫൈനലൈസ് ചെയ്യുന്നതിനുള്ള

കാലതാമസംമൂലം പി.എസ്.സി. വഴിയുള്ള റിക്രൂട്ട്മെന്റ് നടപ്പാക്കുന്നതിന് ഒട്ടേറെ കാലതാമസം സ്വാഭാവികമായി വരുന്നുണ്ട്. നിയമനം പി.എസ്.സി.-ക്കു വിട്ടുകൊടുത്ത് പത്തു വർഷം കഴിഞ്ഞ കേസ്സുകളിൽപ്പോലും ഇപ്പോഴും റിക്രൂട്ട്മെന്റ് നടത്താത്ത സാഹചര്യമുണ്ട്. അതിനാൽ സ്പെഷ്യൽ റൂൾസ് ഫ്രെയിം ചെയ്യുന്നതിനുള്ള നടപടിക്രമം ലഘൂകരിക്കുവാനോ അല്ലെങ്കിൽ അത് സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനോ നടപടി സ്വീകരിക്കുമോ?

ശ്രീ. വക്കം പുരുഷോത്തമൻ: പൊതുമേഖലാ സ്ഥാപനങ്ങൾ അടക്കമുള്ള എല്ലാ സ്ഥാപനങ്ങളിലേയും നിയമനം പി.എസ്.സി. മുഖേന നടത്തണമെന്നുള്ള പിന്നോക്ക സമുദായങ്ങളുടെ വളരെ വർഷങ്ങളായി ആവശ്യപ്പെട്ടുകൊണ്ടിരുന്ന ഒരു തത്വം ഗവൺമെന്റ് അംഗീകരിച്ചിരിക്കുകയാണ്. അങ്ങനെ വന്നാൽ പിന്നോക്ക സമുദായങ്ങൾക്കും പട്ടികജാതി/പട്ടികവർഗ്ഗത്തിനുമൊക്കെ അർഹതപ്പെട്ട ഷെയർ കിട്ടുമെന്നുള്ളതാണ് അതിനു പിന്നിലുള്ളത്. പിന്നെ മെറിറ്റിലുള്ള നിയമനവും വരും. അപ്പോൾ മെറിറ്റ് പ്ലസ് റിസർവേഷൻ. ഇതാണ് പി.എസ്.സി. മുഖാന്തിരം നിയമനം നടത്തിയാലുള്ള നേട്ടം. ആ തത്വം ഗവൺമെന്റ് അംഗീകരിച്ച് ജി.ഒ. പുറപ്പെടുവിച്ചു. ഇതിപ്പോൾ ആദ്യമായുണ്ടായ നേട്ടമാണ്. ആ നേട്ടം ഇംപ്ലിമെന്റ് ചെയ്ത് വരുന്നതിന് സ്വാഭാവികമായി എടുക്കുന്ന കാലതാമസമല്ലാതെ ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഒരു രീതിയിലുള്ള അലംഭാവവും ഉണ്ടാകുകയില്ല.

ശ്രീ. സി. മോയിൻകുട്ടി: സർ, ഏതൊക്കെ പൊതുമേഖലാ, അർദ്ധ സർക്കാർ, തദ്ദേശഭരണ സ്ഥാപനങ്ങളിലേക്കുള്ള നിയമനമാണ് പി.എസ്.സി.-ക്ക് വിടുന്നത് എന്നുപറയാമോ?

ശ്രീ. വക്കം പുരുഷോത്തമൻ: എല്ലാം.

ശ്രീ. തമ്പാനൂർ രവി: സർ, കേരളത്തിലെ പല ഗവൺമെന്റ് വകുപ്പുകളിലും പൊതുമേഖലാ സ്ഥാപനങ്ങളിലും സ്ഥിരം പോസ്റ്റുകളുണ്ട്. ആ പല പോസ്റ്റുകളിലും താൽക്കാലിക ജീവനക്കാർ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്നും ഇരിക്കുന്ന സ്ഥിതി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? ഇവരെ പറഞ്ഞ് വിട്ടിട്ട് പി.എസ്.സി. ലിസ്റ്റിലുള്ള ആളെ നിയമിക്കാനുള്ള പ്രത്യേക നിർദ്ദേശം ഗവൺമെന്റ് നൽകുമോ?

ശ്രീ. വക്കം പുരുഷോത്തമൻ: ഗവൺമെന്റിൽ ഇപ്പോൾ തന്നെ ചട്ടമുള്ളതാണ്. അത് പാലിക്കുന്നില്ലെങ്കിൽ അത് പാലിക്കാനായി കർശനമായ നിർദ്ദേശം നൽകാം. ഒരു പുതിയ മേഖലയിലേക്ക് നമ്മൾ പ്രവേശിക്കുകയാണ്. അവിടേയും ഇത് ഫോളോ ചെയ്യണമെന്നുള്ള നിർദ്ദേശം അടിയന്തിരമായി കൊടുക്കുന്നതാണ്.

ശ്രീ. എ. സി. ഷൺമുഖദാസ്: സർ, പി.എസ്.സി.-ക്ക് വിടുക എന്നുപറയുന്നത് സംവരണതത്വം പാലിക്കുക എന്നുള്ളത് മാത്രമല്ല. ഭരണഘടനാപരമായി ഉണ്ടാകുന്ന സർക്കാർ, അർദ്ധസർക്കാർ സ്ഥാപനങ്ങളിലെ ഔദ്യോഗിക ജോലികൾ യഥാർത്ഥത്തിൽ അർഹതപ്പെട്ടവർക്ക് ലഭ്യമാക്കാനുള്ള നിഷ്പക്ഷമായ ഒരു നിയമന സമ്പ്രദായമാണ്. അതിനാണ് അപ്പുറത്തും ഇപ്പുറത്തുമുള്ളവർ നിരന്തരമായി സമരം

LIBRARY ARCHIVES Kerala Legislative Assembly

നടത്തുന്നത് അതിന്റെ ഫലമായി ഇപ്പോൾ ധാരാളം പബ്ലിക് സെക്ടർ അണ്ടർടേക്കിംഗ്സിന്റേയും അർദ്ധസർക്കാർ സ്ഥാപനങ്ങളിലേയുമൊക്കെ നിയമനം പി.എസ്.സി.-ക്ക് വിട്ടുകൊടുത്തിട്ടുമുണ്ട്. എന്നാൽ ബഹുമാനപ്പെട്ട മന്ത്രി ഇപ്പോൾ കമ്മീഷന്റെ അടിസ്ഥാനത്തിലുള്ള തീരുമാനമാക്കി മാറ്റിക്കൊണ്ട് അതിനെ ദുർവ്യാഖ്യാനം ചെയ്യുന്നത് ശരിയാണോ; പി.എസ്.സിയുടെ തത്വം ഈ നാട്ടിലെ മുഴുവൻ നിയമനങ്ങൾക്കും പൂർണ്ണമായും ബാധകമാക്കാൻ തീരുമാനിച്ചാൽ ഈ ഉത്തരവ് പുറപ്പെടുവിച്ചശേഷം ഇനി ഈ സ്ഥാപനങ്ങളിലും താത്ക്കാലിക നിയമനം ഉണ്ടാകില്ല എന്ന് ഉത്തരവ് കൊടുക്കാൻ ദയവുണ്ടാകുമോ?

ശ്രീ. വക്കം പുരുഷോത്തമൻ: പണ്ട് ഇടതുപക്ഷജനാധിപത്യമുന്നണി തന്നെ ഇഷ്യൂ ചെയ്ത ഒരു ഓർഡർ ഉണ്ടായിരുന്നിട്ടുപോലും ഈ സർക്കാർ നിയമനം നടത്തുന്നില്ല എന്ന പരാതിയുള്ളപ്പോൾ ഇദ്ദേഹം പറയുന്നത് നിയമനങ്ങൾ നിർത്തിവയ്ക്കണമെന്നാണ്. തീർച്ചയായും ഇത് പ്രാബല്യത്തിൽ വരുമ്പോൾ അത് നടപ്പിലാക്കും. അതുവരെ ഇവിടെ ഭരണമൊന്നും വേണ്ട എന്നുപറഞ്ഞാൽ നടക്കില്ല.

ശ്രീ. ഇസ്ഹാക് കുരിക്കൾ: സർ, നമ്മുടെ എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളിലും ഡെയ്ലി വേജസായും കോൺട്രാക്ട് അടിസ്ഥാനത്തിലും ആളുകളെ നിയമിക്കുന്നു. അതുകൊണ്ട് കൂടുതൽ പരാതി ഇല്ലാത്തവിധമാക്കുവാൻ ആർട്ടിക്കിൾസ് ഓഫ് അസോസിയേഷൻ ഭേദഗതി ചെയ്തുകൊണ്ട് ലോക്കൽ ബോഡീസിന് ആവശ്യമായ നിർദ്ദേശം നൽകി സംവരണ തത്വം പാലിക്കാൻ സർക്കാർ നടപടി സ്വീകരിക്കുമോ?

ശ്രീ. വക്കം പുരുഷോത്തമൻ: തീർച്ചയായും.

ശ്രീ. കെ. പി. രാജേന്ദ്രൻ: സർ, ഇവിടെ നേരത്തെ ശ്രീ. സി. മോയിൻ കുട്ടി ചോദ്യം ഉന്നയിച്ചപ്പോൾ നിയമനങ്ങൾ പി.എസ്.സി-ക്ക് വിട്ട കാര്യം അങ്ങ് പറഞ്ഞു. പത്ത് വർഷത്തിൽ കൂടുതലായിട്ടും അതിനാവശ്യമായ റൂൾസ് കിട്ടാത്തതുകൊണ്ടാണ് പി.എസ്.സി-ക്ക് വിട്ട സ്ഥലത്തും ഇത് നടക്കാത്തത്. കോമൺ മിനിമം പരിപാടി, യു.പി.എ.യും, നമ്മൾ രണ്ടു കൂട്ടരും കൂടി അംഗീകരിച്ചിട്ടുള്ളതാണ്. അതിൽ സ്വകാര്യ മേഖലകളിൽ സംവരണ തത്വം നടപ്പിലാക്കണമെന്ന് നമ്മൾ തീരുമാനിച്ചിട്ടുണ്ട്. കേരളത്തിൽ പൊതുമേഖലാ സ്ഥാപനങ്ങൾക്കു പുറമെ സ്വകാര്യമേഖലയിൽ സംവരണതത്വം നടപ്പിലാക്കാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ അതിനുള്ള എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ?

ശ്രീ. വക്കം പുരുഷോത്തമൻ: എല്ലാ മേഖലയിലും ഇത് നടപ്പിലാക്കിയാൽ കൊള്ളാമെന്ന് ഗവൺമെന്റിന് ആഗ്രഹമുണ്ട്. പക്ഷേ നിലവിലുള്ള ഭരണഘടനയ്ക്കകത്തുനിന്നുകൊണ്ട് സ്വകാര്യ മാനേജുമെന്റിന്റെ കാര്യത്തിൽ നമുക്ക് എന്തെല്ലാം നിയന്ത്രണങ്ങൾ ഏർപ്പെടുത്താൻ കഴിയുമെന്ന് ഇപ്പോൾ പറയാൻ കഴിയില്ല. അവരുടെ അവകാശങ്ങളിലേക്ക് എത്രത്തോളം കടന്നുകയറാൻ പറ്റുമെന്ന് ഇപ്പോൾ പറയാൻ കഴിയില്ല. ഇതൊക്കെ നല്ല ആഗ്രഹങ്ങളാണ്. അതിന് ഞങ്ങൾ എതിരല്ല.

ശ്രീ. പി. ടി. തോമസ്: സർ, കേരളത്തിലെ തൊഴിലില്ലാത്ത ചെറുപ്പക്കാരുടെ താല്പര്യം സംരക്ഷിക്കാനുള്ള ഒരു മാഗ്നാകാർട്ടയാണ് പൊതുമേഖലാ സ്ഥാപനങ്ങളുടേയും അർദ്ധസർക്കാർ സ്ഥാപനങ്ങളുടേയും ആട്ടോണമസ്

LIBRARY ARCHIVES Kerala Legislative Assembly

ബോഡികളുടേയും നിയമനം പി.എസ്.സി-ക്ക് വിടാനുള്ള ബഹുമാനപ്പെട്ട ഉമ്മൻ ചാണ്ടി സർക്കാരിന്റെ തീരുമാനം. അതിനെ സ്വാഗതം ചെയ്തുകൊണ്ട്, ഇപ്പോൾ ചോദ്യം ചോദിക്കുമ്പോൾപോലും പ്രതിപക്ഷത്തെ സി.പി.എം. മെമ്പർമാർ ചോദ്യം ചോദിക്കുന്നില്ല എന്നുള്ളത് ശ്രദ്ധിച്ചതുകൊണ്ട് ചോദിക്കുകയാണ് .....(ബഹളം).....

മി. സ്പീക്കർ: അങ്ങ് ചോദിക്കൂ. ചോദ്യോത്തര സമയത്ത് സമയം കളയണമോ?

ശ്രീ. പി. ടി. തോമസ്: അവർ തെറ്റിദ്ധരിക്കുകയാണ്. ഞാൻ സി.പി.ഐ യെപ്പറ്റി പറഞ്ഞിട്ടില്ല. സി.പി.എം. എന്നു മാത്രമേ പറഞ്ഞിട്ടുള്ളൂ. എന്റെ ചോദ്യം അർദ്ധസർക്കാർ, ആട്ടോണമസ് ബോഡികളിൽ ഈ പ്രഖ്യാപനം വന്ന നാൾ മുതൽ എത്ര വേക്കൻസികളുണ്ടെന്നുള്ള വിവരം ഗവൺമെന്റ് പരിശോധിക്കുമോ; ആ നിയമനങ്ങളെ സംബന്ധിച്ച് ആലോചിക്കുമോ?

ശ്രീ. വക്കം പുരുഷോത്തമൻ: ബഹുമാനപ്പെട്ട മെമ്പർ ചോദ്യത്തിനിടയിൽ പാർട്ടിയുടെ കാര്യം പറയരുതായിരുന്നു. പക്ഷേ കോൺഗ്രസ്സിന്റെ കാര്യം ശ്രീ. ബിനോയ് വിശ്വം പറഞ്ഞപ്പോഴും ഈ വികാരം ഉണ്ടാകേണ്ടതായിരുന്നു. ഏതായാലും മെമ്പർ പറഞ്ഞ കാര്യം ആലോചിക്കാം.

മി. സ്പീക്കർ: ചോദ്യോത്തര സമയത്ത് പ്രകോപനമുണ്ടാക്കി സമയം വേസ്റ്റ് ചെയ്യരുത്.

ശ്രീ. മത്തായി ചാക്കോ: ചോദ്യം ചോദിക്കുന്നതിന് ശ്രീ. പി. ടി. തോമസിന്റെ തൊണ്ടയിൽ പിണ്ണാക്ക് കുടുങ്ങിയതുപോലെ ഞങ്ങളുടെ തൊണ്ടയിൽ പിണ്ണാക്ക് കുടുങ്ങിയിട്ടില്ല. ഇവിടെ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി പി.എസ്.സി-ക്ക് വിടുന്നതിന്റെ ഭാഗമായി സംവരണവും മെറിറ്റും പാലിക്കപ്പെടുമെന്ന് പറയുകയുണ്ടായി. ഞങ്ങൾ അതിനെ സ്വാഗതം ചെയ്യുകയാണ്. ഗവൺമെന്റ് ഇപ്പോൾ സഹകരണ സ്ഥാപനങ്ങളിലേയും പൊതുമേഖലാ സ്ഥാപനങ്ങളിലേയും നിയമനം പി.എസ്.സി-ക്ക് വിട്ടു. കേരളത്തിൽ സ്വകാര്യ സ്കൂളുകളിലും സ്വകാര്യ കോളേജുകളിലും പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ഒരാൾ പോലും അദ്ധ്യാപകരായി നിയമിക്കപ്പെടുന്നില്ല എന്നുള്ളത് ഒരു സത്യമാണ്. പിന്നോക്ക വിഭാഗങ്ങൾക്കും ഇതുപോലെ കുറവുണ്ട്. ഈ പ്രശ്നം പരിഹരിക്കുന്നതിനുവേണ്ടി സർക്കാർ ലക്ഷങ്ങൾ ശമ്പളം കൊടുക്കുന്ന സ്വകാര്യ സ്കൂളുകളിലേയും കോളേജുകളിലേയും അദ്ധ്യാപക നിയമനം പി.എസ്.സി-ക്ക് വിടുന്നതിനെക്കുറിച്ച് ഗവൺമെന്റ് ആലോചിക്കുമോ; തീരുമാനമെടുക്കുമോ?

ശ്രീ. വക്കം പുരുഷോത്തമൻ: നമുക്കെല്ലാവർക്കുംകൂടി ആലോചിക്കാവുന്നതാണ്.

ശ്രീ. നാലകത്ത് സൂപ്പി: സർ, പി.എസ്.സി ആണ് ഇന്ന് നിയമനങ്ങളിൽ മുഖ്യ പങ്കു വഹിക്കുന്നത്. ഗവൺമെന്റ് നയപരമായ തീരുമാനമെടുക്കുന്നു. ഇവിടെ 1995-ലെ പിന്നോക്ക സമുദായക്ഷേമ സമിതി റിപ്പോർട്ട് തന്നിട്ടുണ്ട്. അതിൽ യൂണിറ്റ് ഇരുപതാണ്. അത് നൂറാക്കി മാറ്റണമെന്ന് പറഞ്ഞിട്ടുണ്ട്. അത് നടപ്പിലാക്കാൻ

LIBRARY ARCHIVES Kerala Legislative Assembly

വേണ്ടി ചർച്ച ചെയ്ത് തീരുമാനിച്ചതാണ്. എന്തോ തകരാറുകൊണ്ട് അത് നടന്നിട്ടില്ല. അത് നടപ്പിലാക്കിയാൽ പിന്നോക്ക സമുദായങ്ങൾക്ക് ഉണ്ടായിട്ടുള്ള ബാക്ക് ലോഗ് നികത്താൻ സഹായിക്കും. അതിനെപ്പറ്റി ഗവൺമെന്റ് ആലോചിക്കുമോ?

ശ്രീ. വക്കം പുരുഷോത്തമൻ: അതൊരു പ്രശ്നമാണ്. അതിനെപ്പറ്റി അന്തിമമായി ഗവൺമെന്റ് ഈ സഭയിൽ പറയത്തക്ക വിധത്തിലുള്ള ഒരു തീരുമാനം എടുത്തിട്ടില്ല.

ശ്രീ. ടി. പി. രാമകൃഷ്ണൻ: സർ, പൊതുമേഖലാ-അർദ്ധ സർക്കാർ സ്ഥാപനങ്ങളിലെ നിയമനം പി.എസ്.സി-ക്ക് വിടാനുള്ള തീരുമാനം സ്വാഗതാർഹമാണ്. ഇപ്പോൾ പൊതുമേഖലാ സ്ഥാപനങ്ങളിൽ താൽക്കാലികാടി സ്ഥാനത്തിൽ നടന്നിട്ടുള്ള നിയമനങ്ങളിൽ എന്തെങ്കിലും മാനദണ്ഡമുണ്ടോ; അങ്ങനെ നിയമിച്ചിട്ടുള്ള ആളുകളെ റഗുലറൈസ് ചെയ്യാനുള്ള നടപടി ഗവൺമെന്റ് സ്വീകരിക്കുന്നതായി പുറത്ത് വാർത്ത വന്നിട്ടുണ്ട്. അത് യാഥാർത്ഥ്യമാണോയെന്ന് വ്യക്തമാക്കാമോ?

ശ്രീ. വക്കം പുരുഷോത്തമൻ: ഇപ്പോൾ അതിന് അത്രത്തോളം നിയന്ത്രണമില്ല. വളരെ വ്യക്തമായ ചട്ടം ഇല്ലെങ്കിൽ അവർ ചെയ്യുന്നതിനെതിരായി ഗവൺമെന്റിന് ഒന്നും ചെയ്യാൻ പറ്റില്ല. അതുകൊണ്ടാണ് പുതുതായി ചട്ടം കൊണ്ടുവരുന്നത്. നിയമം കൊണ്ടുവന്ന ശേഷം അത് നടപ്പിലാക്കാൻ അവർ ബാദ്ധ്യസ്ഥരാണ്. അല്ലെങ്കിൽ വയലേഷൻ ആണ്, അച്ചടക്ക നടപടിയെടുക്കാൻ കഴിയും.

ശ്രീ. പി. ജെ. ജോയി: പൊതുമേഖലാ-അർദ്ധ സർക്കാർ സ്ഥാപനങ്ങളിൽ ജീവനക്കാരെ റിക്രൂട്ട് ചെയ്യുന്നത് പി.എസ്.സി.-ക്ക് വിടാൻ തീരുമാനിച്ച ഗവൺമെന്റിന്റെ നടപടി സ്വാഗതാർഹമാണ്. ഇപ്പോൾ തന്നെ പി.എസ്.സി. യിൽ റിക്രൂട്ട്മെന്റ് നടക്കാൻ വളരെയധികം കാലതാമസം വരികയാണ്. ഗവൺമെന്റ് ഒഴിവുകൾ റിപ്പോർട്ട് ചെയ്താലും ടെസ്റ്റ് നടത്തി ഇന്റർവ്യൂ നടത്തി ലിസ്റ്റ് പബ്ലിഷ് ചെയ്യാൻ വളരെ കാലതാമസം ഉണ്ടാകുകയാണ്. അപ്പോൾ പി.എസ്.സി. ക്ക് വിട്ട നടപടിക്രമം പബ്ലിക് സർവ്വീസ് കമ്മീഷൻ വഴി ത്വരിതപ്പെടുത്താൻ, ആവശ്യമായ നടപടി സ്വീകരിക്കാൻ ഗവൺമെന്റ് തയ്യാറാകുമോ?

ശ്രീ. വക്കം പുരുഷോത്തൻ: പുതിയ മേഖലയിൽക്കൂടി നമ്മൾ പ്രവേശിക്കുകയാണ്. അങ്ങനെ പ്രവേശിക്കുമ്പോൾ അതിന് എന്ത് ബുദ്ധിമുട്ട് വരും എന്ന് നോക്കിയിട്ട് അതിനനുസൃതമായ രീതിയിൽ ഗവൺമെന്റ് നടപടി സ്വീകരിക്കുന്നതാണ്.

ശ്രീ. ടി. കെ. ദേവകുമാർ: സ്വകാര്യ മേഖലയിൽ സംവരണം കൊടുക്കുന്നതിന് കോൺഗ്രസിന് യോജിപ്പാണെന്ന് അങ്ങ് പറഞ്ഞു. ഭരണഘടനാ ഭേദഗതിക്ക് കോൺഗ്രസ്സ് മുൻകൈ എടുക്കുമോ എന്നുള്ളതാണ് എന്റെ പ്രശ്നം. ഈ ചോദ്യം ഒരു നിയമസഭാ സമിതിയിൽ അംഗമായിരിക്കെ ഒരു പൊതുമേഖലാ സ്ഥാപനം സന്ദർശിച്ച അവസരത്തിൽ അവിടെ നടത്തുന്ന നിയമനങ്ങളെ സംബന്ധിച്ച് ബന്ധപ്പെട്ട കോൺഫറൻസിൽ അവിടത്തെ ഉദ്യോഗസ്ഥർ റിപ്പോർട്ട് ചെയ്തത്

LIBRARY ARCHIVES Kerala Legislative Assembly

എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്ന് ലിസ്റ്റ് വരുത്തുകയും അതേ സമയത്ത് തന്നെ പത്രത്തിൽ പരസ്യം കൊടുത്ത് അപേക്ഷ സ്വീകരിക്കുകയും ചെയ്യുന്നു, ഈ രണ്ട് ലിസ്റ്റുകളും കൂടി ചേർത്ത് വച്ച്, നിയമനം നടത്തുന്ന രീതിയാണ് കേരളത്തിലെ പ്രമുഖ പൊതുമേഖലാ സ്ഥാപനമായ മലബാർ സിമന്റ്സിൽ നടക്കുന്നതെന്നാണ് അസംബ്ലി കമ്മിറ്റിയുടെ സന്ദർശന വേളയിൽ നൽകിയ റിപ്പോർട്ട്. ഇങ്ങനെ നടത്തിയത് നിയമരഹിതമാണെന്നും ഗവൺമെന്റിന്റെ പോളിസിക്ക് എതിരാണെന്നുമാണ് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ വിശദീകരിച്ചത്. അങ്ങനെയാണെങ്കിൽ അത്തരം നിയമനങ്ങളിലൂടെ ജോലി ലഭിച്ചിട്ടുള്ളവരെ ജോലിയിൽനിന്നും പിരിച്ചുവിടാനും വ്യവസ്ഥാപിതമായ രീതിയിൽ അങ്ങ് നിർദ്ദേശിച്ചത് അനുസരിച്ച് നിയമനം നടത്താനും തയ്യാറാകുമോ?

തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. ബാബു ദിവാകരൻ): ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ചത് അവസാനമായി സുപ്രീംകോടതി കഴിഞ്ഞ വർഷം പുറപ്പെടുവിച്ച ഒരു വിധി ന്യായത്തിൽ ഈ പ്രൊസീഡ്യൂവർ സ്വീകരിക്കണമെന്ന് കംപൽസറിയായി സുപ്രീംകോടതി വിധിച്ചിരിക്കുകയാണ്. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ നിന്ന് മാത്രമായി പാടില്ല ലോക്കൽ വെർണാക്കുലർ പ്രസ്സിൽ നോട്ടിഫിക്കേഷൻ കൊടുത്ത് ഇത് രണ്ടും കൂടി ചേർത്ത് വേണം നിയമനങ്ങൾ നടത്താനെന്ന് സുപ്രീം കോടിതിയുടെ വളരെ സുപ്രധാനമായ ഒരു വിധിയുണ്ടായി. അതാണ് ഇവിടെ നടപ്പാക്കിയത്.

ശ്രീ. സി. പി. മുഹമ്മദ്: സർക്കാർ അർദ്ധ സർക്കാർ സ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള നിയമനം പി.എസ്.സി. ക്ക് വിടാൻ തത്വത്തിൽ തീരുമാനിച്ചു എന്ന് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഇവിടെ പറഞ്ഞു. എല്ലാകാലത്തും നിയമനത്തിൽ വലിയ വിവാദം വരുന്ന സ്ഥാപനമാണ് കേരള കാർഷിക സർവ്വകലാശാല. കാർഷിക മേഖലയിൽ പത്തിരുപത് വർഷമായി ജോലി ചെയ്യുന്ന ഒരുപാട് സ്ഥിരം തൊഴിലാളികൾ എന്റെ മണ്ഡലമായ പട്ടാമ്പിയിലെ നെല്ല് ഗവേഷണ കേന്ദ്രത്തിൽ അടക്കം ഉണ്ട്. പി.എസ്.സി. ക്ക് നിയമനം വിടുന്നതിനുമുമ്പ് വർഷങ്ങളായി ജോലി ചെയ്യുന്ന ഈ പാവപ്പെട്ട തൊഴിലാളികളെ സ്ഥിരപ്പെടുത്താൻ നടപടി സ്വീകരിക്കുമോ?

ശ്രീ. വക്കം പുരുഷോത്തമൻ: അത് പരിശോധിക്കേണ്ടതാണ്. ആദ്യം മെമ്പർ തുടങ്ങിയപ്പോൾ ഗവൺമെന്റ് തീരുമാനിച്ചോ എന്ന് അന്വേഷിച്ചു. ഗവൺമെന്റ് തീരുമാനിച്ചു. അതിന്റെ ജി.ഒ. ഇഷ്യു ചെയ്തുകഴിഞ്ഞു. അത് പ്രാബല്യത്തിൽ വന്നു കഴിഞ്ഞു. അത് നടപ്പാക്കാൻ എല്ലാവരും ബാധ്യസ്ഥരാണ്.

ശ്രീ. എ. എ. അസീസ്: എല്ലാ പൊതുമേഖലാ സ്ഥാപനങ്ങളിലേയും നിയമനം പി.എസ്.സി. ക്ക് വിടാൻ തീരുമാനിച്ചതായി ബഹുമാനപ്പെട്ട മന്ത്രി അറിയിച്ചു. പൊതുമേഖലാസ്ഥാപനങ്ങളുടെ കീഴിലെ ഫാക്ടറികളിലെ തൊഴിലാളികളുടെ നിയമനം പി.എസ്.സി. ക്ക് വിടുമോ അതോ അതിൽനിന്നും ഒഴിവാക്കുമോ?

ശ്രീ. വക്കം പുരുഷോത്തമൻ: തൊഴിലാളികൾ അതിൽ വരുമോ എന്നുള്ളത് പരിശോധിക്കണം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ജോണി നെല്ലൂർ: ഇവിടെ പൊതുമേഖലാ സ്ഥാപനങ്ങളിലും അർദ്ധ സർക്കാർ സ്ഥാപനങ്ങളിലും ഇന്ന് നിയമനം നടക്കുന്നുണ്ടെങ്കിലും കേരളത്തിലെ പട്ടികജാതി വിഭാഗത്തിൽനിന്നും കൺവർട്ട് ചെയ്ത് ക്രിസ്ത്യൻ സമുദായം സ്വീകരിച്ച ആളുകൾ വളരെ ദയനീയമായ ജീവിത സാഹചര്യങ്ങളിൽ ജീവിക്കുന്നവരാണ്. കൺവർട്ട് ചെയ്തു എന്ന ഒറ്റ കാരണത്താൽ അങ്ങനെയുള്ളവർക്ക് ഇന്ന് ജോലി ലഭിക്കുന്നില്ല. അങ്ങനെയുള്ള വിഭാഗത്തിൽപ്പെട്ട ആളുകളെക്കൂടി അർദ്ധ സർക്കാർ പൊതുമേഖലാ സ്ഥാപനങ്ങളിൽ നിയമിക്കുന്ന കാര്യത്തിൽ എന്തെങ്കിലും നടപടി സ്വീകരിക്കുമോ?

ശ്രീ. വക്കം പുരുഷോത്തമൻ: ഇന്നലെ ഇവിടെ ഒരു സബ്മിഷന് വിശദമായി ഞാൻ മറുപടി പറഞ്ഞതാണ്.

ശ്രീ. പി. കെ. അബ്ദുറബ്ബ്: നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സംവരണം സംബന്ധിച്ച് സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള പുതിയ ഉത്തരവിൽ പറഞ്ഞിട്ടുള്ള കാര്യങ്ങൾ പൂർണ്ണമായി ഇപ്പോൾ പാലിക്കുന്നുണ്ടോ എന്ന് പരിശോധിക്കുന്നതിന് മുഖ്യമന്ത്രി അധ്യക്ഷനായി ഒരു മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിക്കും എന്ന് പറഞ്ഞിട്ടുണ്ട്. ആ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ടോ? അതിൽ മുഖ്യമന്ത്രിയെ കൂടാതെ ആരൊക്കെയാണ് അംഗങ്ങളായിട്ടുള്ളത്?

ശ്രീ. വക്കം പുരുഷോത്തമൻ: തീരുമാനം വന്നതിനുശേഷം മുഖ്യമന്ത്രിക്ക് അപ്രതീക്ഷിതമായി ഉണ്ടായ അസുഖം നിങ്ങൾക്ക് അറിയാം. അടിയന്തിരമായി തീരുമാനം എടുക്കുന്നതാണ്.

ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ: വെയർഹൗസിംഗ് കോർപ്പറേഷനും മലബാർ സിമന്റ്സും ഉപ്പെടെയുള്ള കേരളത്തിലുള്ള സംസ്ഥാന പൊതുമേഖലാ അർദ്ധ സർക്കാർ സ്വയംഭരണ സ്ഥാപനങ്ങളുടെ ഭാഗമായിട്ടുള്ള നിരവധി സ്ഥാപനങ്ങളിൽ പത്ത് കൊല്ലത്തേക്ക് ആവശ്യമായിട്ടുള്ള നിയമനം ഇപ്പോൾ തന്നെ നടന്നുകഴിഞ്ഞു. ശ്രീ. സി. പി. മുഹമ്മദ് ഇവിടെ ചോദിച്ച ചോദ്യം കൂടി ചേർത്തു വയ്ക്കുമ്പോൾ അങ്ങനെയുള്ളവരെ മുഴുവൻ സ്ഥിരപ്പെടുത്തുന്ന ഒരു നിലപാടുകൂടി വന്നുകഴിഞ്ഞാൽ ഇവിടെ ശ്രീ. മോയീൻകുട്ടി ഉൾപ്പടെയുള്ളവർ സ്വാഗതം ചെയ്തിട്ടുള്ള പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക മുസ്ലീം ജനവിഭാഗം ഉൾപ്പടെയുള്ളവർക്ക് പി.എസ്.സി. മുഖേന ലഭിക്കും എന്ന് വിചാരിക്കുന്ന ഒരു സീറ്റും ഒരു പോസ്റ്റും ലഭിക്കാൻ ഇടയില്ല എന്നുള്ള കാര്യം പരിഗണിച്ചുകൊണ്ട്, ഇന്ന് നിലവിൽ ഇപ്പോൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുമല്ല പുറം വാതിൽ നിയമനം എന്ന രീതിയിൽ പതിനായിരക്കണക്കിന് എണ്ണം ഇവിടെ ചൂണ്ടിക്കാണിക്കപ്പെട്ടിട്ടുണ്ട്. അത്തരം നിയമനങ്ങൾ പുനഃപരിശോധിക്കാൻ ആവശ്യമായ നിലപാട് സ്വീകരിച്ചുകൊണ്ട് പി.എസ്.സി. മുഖേനയുള്ള നിയമനത്തിന് കളമൊരുക്കാൻ ബോധപൂർവ്വമായ ആത്മാർത്ഥതയോടുകൂടിയിട്ടുള്ള ഒരു ഓർഡറാണ് പുറപ്പെടുവിച്ചിട്ടുള്ളതെങ്കിൽ ആ നിലപാട് ഗവൺമെന്റ് സ്വീകരിക്കുമോ?

ശ്രീ. വക്കം പുരുഷോത്തമൻ: ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ നടന്നിട്ടുണ്ടോയെന്ന് പ്രത്യേകം പരിശോധിക്കേണ്ടതാണ്. നമ്മൾ ഇങ്ങനെ ഒരു നിയമം കൊണ്ടുവരുന്നു എന്നുള്ളതുകൊണ്ട് നിലവിലുള്ള ഒഴിവുകൾ

LIBRARY ARCHIVES Kerala Legislative Assembly

നികത്തരുതെന്നോ അല്ലെങ്കിൽ ആവശ്യമുള്ള സ്ഥലങ്ങളിൽ നിയമനം നടത്തരുതെന്നോ ഒരു നിർദ്ദേശം കൊടുക്കാൻ പ്രയാസമാണ്. തൊഴിലില്ലാത്ത ഒരുപാട് ആളുകൾ ഇങ്ങനെ നിൽക്കുന്ന സംസ്ഥാനത്ത് ചെറിയ കാലത്തേക്കുപോലും നിയമന നിരോധനം ഉണ്ടാകുന്നത് ശരിയല്ല. അതുകൊണ്ട് അങ്ങനെയുള്ള ഡയറക്ഷൻ കൊടുക്കാൻ സാധ്യമല്ല. പക്ഷെ ഇതിനെ പരാജയപ്പെടുത്താൻവേണ്ടി ബോധപൂർവ്വമായി ആരെങ്കിലും നടപടി സ്വീകരിക്കുന്നു എന്ന പരാതി കിട്ടിയാൽ തീർച്ചയായും ഗവൺമെന്റ് അതിനെക്കുറിച്ച് അന്വേഷിക്കുന്നതും അതിന് പരിഹാരം കാണുന്നതുമാണ്.

ശ്രീ. പി. എസ്. സുപാൽ: വ്യവസ്ഥാപിതമായിട്ടുള്ള നിയമനങ്ങൾ പലപ്പോഴും അട്ടിമറിക്കപ്പെടുകയാണ്. അർദ്ധ സർക്കാർ പൊതുമേഖലാ സ്ഥാപനങ്ങളിൽ നിയമനം നടത്തുന്നതിനെ സംബന്ധിച്ച് വ്യക്തമായ മാർഗ്ഗ നിർദ്ദേശങ്ങൾ ഉണ്ട്. എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖാന്തിരമാണ് നിയമനങ്ങൾ നടക്കേണ്ടത്. ഇത് പലപ്പോഴും അട്ടിമറിക്കപ്പെടുന്നു. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ നോക്കുകുത്തികളാക്കി മാറ്റുന്നു. കരാർ നിയമനങ്ങൾ വ്യാപകമാകുകയാണ്. പിൻവാതിൽ നിയമനങ്ങൾ ശക്തമാകുകയാണ്. ഒരുകാലത്തും ഇല്ലാത്ത തരത്തിൽ പിൻവാതിൽ നിയമനങ്ങൾ കേരളത്തിലെ അർദ്ധ സർക്കാർ പൊതുമേഖലാ സ്ഥാപനങ്ങളിൽ വന്നിരിക്കുകയാണ്. അങ്ങ് ഇവിടെ വ്യക്തമായി ഉത്തരം നൽകിയില്ല. ഞങ്ങൾ ചൂണ്ടിക്കാണിക്കാം. ഇവിടെ വ്യവസ്ഥ ലംഘിച്ചുകൊണ്ട് കരാർ നിയമനങ്ങൾ നടത്തിയതുമായി ബന്ധപ്പെട്ട വിഷയങ്ങൾ ചൂണ്ടിക്കാണിച്ചാൽ അക്കാര്യത്തിൽ ആവശ്യമായ നടപടികൾ എടുക്കാൻ അങ്ങ് തയ്യാറാകുമോ?

ശ്രീ. വക്കം പുരുഷോത്തമൻ: ഇന്ന രീതിയിൽ വേണമെന്ന് നിലവിൽ ചില ഡയറക്ഷൻസ് ഉണ്ട്. അതിന് വിപരീതമായി ആരെങ്കിലും ചെയ്യുന്നതായി പരാതി കിട്ടിയാൽ തീർച്ചയായിട്ടും പരിശോധിക്കാം.

ശ്രീ. കെ. വി. കുഞ്ഞിരാമൻ: പുതിയ ഒരു മേഖലയിലേക്കു കൂടി തൊഴിൽ നിയമനത്തിന്റെ കാര്യത്തിൽ സർക്കാർ പോകുന്നു എന്നുള്ളത് സ്വാഗതാർഹമാണ്. ഇന്ന് കേരളത്തിൽ ആയിരക്കണക്കിന് ഒഴിവുകളുണ്ട്. ഡിപ്പാർട്ടുമെന്റ് ഹെഡ്സ് ഇത് പി. എസ്. സി. യുടെ ശ്രദ്ധയിൽപ്പെടുത്താത്തതുകൊണ്ട് നിലവിലുള്ള റാങ്ക് ലിസ്റ്റിൽ നിന്ന് തന്നെ നിയമനം നടത്താൻ സാധിക്കാതിരിക്കുകയും ആയിരക്കണക്കിന് തൊഴിലില്ലാത്ത ചെറുപ്പക്കാരുടെ പ്രതീക്ഷകൾ അസ്തമിച്ചുപോകുകയും ചെയ്യുന്ന സ്ഥിതി ഇന്ന് വളരെ ശക്തമായി നിലനിൽക്കുന്നുണ്ട്. അത്തരം ഒരു സ്ഥിതി ഒഴിവാക്കാൻ ആവശ്യമായ എന്ത് നടപടിയാണ് സർക്കാരിന് സ്വീകരിക്കാൻ സാധിക്കുക?

ശ്രീ. വക്കം പുരുഷോത്തമൻ: നിലവിലുള്ള എല്ലാ ഒഴിവുകളും നികത്തണമെന്ന് ഗവൺമെന്റ് റിപ്പീറ്റഡായി ഡയറക്ഷൻസ് കൊടുത്തിട്ടുണ്ട്. മുഖ്യമന്ത്രിയുടെ പുതിയ പരിപാടികളിൽത്തന്നെ ഇത് ഒരു ഇനമായി ഉൾപ്പെടുത്തുന്നതിന് ഡയറക്ഷൻ കൊടുത്തിട്ടുണ്ട്. ഒഴിവുകൾ ഫില്ലപ്പ് ചെയ്യാതിരിക്കരുത്. 100 ദിവസത്തിനകം ഫില്ലപ്പ് ചെയ്യണം. അതുകൊണ്ട് എല്ലാവരും അത് പരിശോധിച്ചതാണ്. അങ്ങനെ നികത്താത്തതായിട്ട് ഇല്ലെന്നാണ് ഗവൺമെന്റിന് കിട്ടിയിട്ടുള്ള റിപ്പോർട്ട്. എന്തെങ്കിലും ചൂണ്ടിക്കാണിച്ചാൽ അത് തീർച്ചയായിട്ടും ഗവൺമെന്റ് പരിശോധിക്കാം.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ : എന്തെങ്കിലും ചൂണ്ടിക്കാണിച്ചാൽ പരിഹരിക്കാം എന്ന് അങ്ങ് പറഞ്ഞു. പി.എസ്.സി.-ക്ക് വിട്ടുകൊടുത്ത, നിയമനം പി.എസ്.സി. വഴി ആകണമെന്ന് തീരുമാനിച്ച ഒരു സ്ഥാപനമാണ് കെ.എസ്.എഫ്.ഇ. ഈ കഴിഞ്ഞ കുറച്ച് നാളുകളായി അവിടെ 500-ൽ അധികം ആളുകളെ പുറം വാതിലിലൂടെ നിയമിച്ചിട്ടുണ്ട്. പി.എസ്.സി.-ക്ക് വിട്ടുകൊടുത്ത ഈ സ്ഥാപനത്തിൽ ഇത്തരത്തിലുള്ള പുറംവാതിൽ നിയമനം ഉടനടി റദ്ദ് ചെയ്ത് പി.എസ്.സി. വഴി നിയമനം നടത്താനുള്ള നടപടി അങ്ങ് സ്വീകരിക്കുമോ?

ശ്രീ. വക്കം പുരുഷോത്തമൻ: ഈ ഗവൺമെന്റ് വരുന്നതിന് മുമ്പ് മുതൽ നിയമിച്ചിട്ടുള്ള കുറെ ആളുകൾ അവിടെയുണ്ടായിരുന്നു. ഈ ഗവൺമെന്റ് വന്നശേഷം മാത്രമല്ല, അതിന് മുമ്പും ഉണ്ട്. ഞാൻ അത് നോക്കി. അവരെ സ്ഥിരപ്പെടുത്തണമെന്ന് പറഞ്ഞ് അവർ കോടതിയിൽ പോയി. ഗവൺമെന്റിനോട് സ്ഥിരപ്പെടുത്തണമെന്ന് പറഞ്ഞപ്പോൾ ഗവൺമെന്റ് അത് ചെവിക്കൊണ്ടില്ല. അതിനോട് അനുകൂലമായ ഒരു നിലപാട് എടുത്തില്ല. കോടതിയിൽ പോയപ്പോൾ കോടതി, ഗവൺമെന്റിനോട് ഇവരുടെ കാര്യം തീരുമാനിക്കണമെന്ന് പറഞ്ഞു. അതുകൊണ്ട് അവർ പണ്ടുമുതലേ ഉള്ളവരായതുകൊണ്ട് സ്ഥിരപ്പെടുത്തിയതാണ്. എൽ.ഡി.എഫ്. ഭരിച്ചിരുന്ന കാലത്തുള്ളവരേയും യു.ഡി.എഫ് ഭരിച്ചിരുന്ന കാലത്തുള്ളവരേയും എല്ലാം സ്ഥിരപ്പെടുത്താൻ ഗവൺമെന്റ് തീരുമാനിച്ചു.

വിഴിഞ്ഞത്തുള്ള മറൈൻ അക്വേറിയം പൂട്ടാതിരിക്കാൻ നടപടി

3 [*114] ശ്രീ. പി. സി. ജോർജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിഴിഞ്ഞത്തുള്ള മറൈൻ അക്വേറിയവും അനുബന്ധ ഗവേഷണ സ്ഥാപനങ്ങളും അടച്ച് പൂട്ടുവാനുള്ള ശ്രമം നടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത് പൂട്ടാതിരിക്കാൻ എന്തെങ്കിലും നടപടി സർക്കാരിന്റെ ഭാഗത്ത് നിന്ന് സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശം ലഭ്യമാക്കുമോ?

മുഖ്യമന്ത്രിക്കുവേണ്ടി ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. വക്കം പുരുഷോത്തമൻ):

(എ) ഉണ്ട്.

(ബി) ഇത് പൂട്ടരുത് എന്ന് ആവശ്യപ്പെട്ടുകൊണ്ട് സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിന് പല തവണ കത്ത് എഴുതിയിട്ടുണ്ട്. അതിന് മറുപടിയായി കേന്ദ്ര സർക്കാർ ഇതേക്കുറിച്ച് പഠിച്ചശേഷമേ തീരുമാനം എടുക്കൂ എന്ന് അറിയിച്ചിട്ടുണ്ടായിരുന്നു. അതിന് പുറമെ ഈ സെന്ററിന്റെ നിലനിൽപ്പിനായി 1.75 ഏക്കർ സ്ഥലം സംസ്ഥാന സർക്കാർ പാട്ട വ്യവസ്ഥയിൽ നൽകുകയും ചെയ്തിരുന്നു. 24-1-2006-ൽ കേന്ദ്ര മന്ത്രി ശ്രീ. ശരത്പവാറിന് ഈ വിഷയത്തിൽ ഒരു കത്തുകൂടി അയച്ചിട്ടുണ്ട്.